19619
5/12/16

**കേരളസർക്കാർ**
**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കണ്ണൂർ, കൂത്തുപറമ്പിൽ നടന്ന പോലീസ് വെടിവെപ്പിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന ശ്രീ. പുഷ്പന് ചികിത്സാ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ(ഡിആർഎഫ്-ബി) വകുപ്പ്**

**ജി.ഒ.(എം.എസ്)നമ്പർ: 578/2016/റവ.** **തിരുവനന്തപുരം, തീയതി : 26.11.2016**

## ഉത്തരവ്

1994 നവംബർ 25 ന് കൂത്തുപറമ്പിൽ നടന്ന പോലീസ് വെടിവെപ്പിൽ ഗുരുതരമായി പരിക്കേറ്റ് 22 വർഷമായി ചികിത്സയിൽ തുടരുന്ന തലശ്ശേരി, ചൊക്ലി വില്ലേജ്, മേനപ്രം, പുതുക്കുടിയിൽ ശ്രീ. പുഷ്പന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) ചികിത്സാ ധനസഹായമായി അനുവദിച്ചും, ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ടിയാൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പ്രതിമാസം 8,000/- രൂപ (എണ്ണായിരം രൂപ മാത്രം) പെൻഷൻ നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ജില്ലാ കളക്ടർ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

2. വിതരണത്തിനാവശ്യമായി വരുന്ന തുക 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും കളക്ടർ തുക വിതരണം ചെയ്ത് വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്. കുര്യൻ**
**പ്രിൻസിപ്പൽ സെക്രട്ടറി.**

ജില്ലാ കളക്ടർ, കണ്ണൂർ
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്
ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
പൊതുഭരണ എസ്. സി. വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

*ഉത്തരവിൻപ്രകാരം,*

*സെക്ഷൻ ഓഫീസർ.*